"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.അജയകുമാർ കെ.കെ.-യ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.66/2025/AYUSH തീയതി, തിരുവനന്തപുരം, 11-02-2025

---

പരാമർശം:- (1) സ.ഉ.(അച്ചടി)നം.54/2024/ധന തീയതി 11/07/2024.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 05/11/2024-ലെ DHTVM/1876/2024-EA5 - നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.അജയകുമാർ കെ.കെ.-യുടെ 2024-25 സാമ്പത്തിക വർഷത്തെ Earned Leave Surrender സ്പാർക്കിൽ സാങ്ഷൻ ചെയ്തപ്പോൾ DDO ആയ മെഡിക്കൽ ഓഫീസർ സറണ്ടർ തുക ജി.പി.എഫ്-ൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം അബദ്ധവശാൽ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ നൽകിയതിനാൽ Surrender Bill process ചെയ്തിട്ടില്ലായെന്ന് കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും, സാങ്ഷൻ ഓർഡർ സ്പാർക്കിൽ ക്യാൻസൽ ചെയ്യാൻ സാധിക്കാത്തതിനാൽ ആയതിനുള്ള മേൽ നടപടി സ്വീകരിക്കണമെന്നും പരാമർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ, പരാമർശ ഉത്തരവിലെ വ്യവസ്ഥയിൽ ഇളവു വരുത്തി കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീ.അജയകുമാർ കെ.കെ.-യ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് DDO 09/05/2024-ൽ സ്പാർക്കിൽ അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത്, ഇത്തരത്തിൽ അധികമായി കുറവ് ചെയ്തിട്ടുള്ള ആർജ്ജിതാവധി ടിയാളുടെ ലീവ് അക്കൗണ്ടിലേയ്ക്ക് റീക്രെഡിറ്റ് ചെയ്തതിന് ശേഷം, പുതിയ അവധി അപേക്ഷ ലഭ്യമാക്കി അപേക്ഷകന് 2024-25

സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.
2. ശ്രീ.അജയകുമാർ കെ.കെ, ഫാർമസിസ്റ്റ്, സർക്കാർ ഹോമിയോ ഡിസ്പെൻസറി, അഞ്ചരക്കണ്ടി, കണ്ണൂർ. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കണ്ണൂർ.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (03/02/2025-ലെ E 2986830/HLT-B3/583/2024-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/235/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by

Pradeep R S

Date: 12-02-2025 09:53:05

സെക്ഷൻ ഓഫീസർ.